# അനുഗ്രഹിക്കുന്നവരായിരിപ്പിൻ

## ആവർത്തനപുസ്തകം 34:9

**"നൂന്റെ മകനായ യോശുവയെ മോശെ കൈവച്ചനുഗ്രഹിച്ചിരുന്നതുകൊണ്ട് അവൻ ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു; യഹോവ മോശെയോടു കല്പിച്ചതുപോലെ യിസ്രായേൽ മക്കൾ അവനെ അനുസരിച്ചു."**

യിസ്രായേൽമക്കളുടെ അടിമത്തത്തിൽ നിന്നും അവരെ വിടുവിക്കുവാൻ ദൈവം മോശയെ തിരഞ്ഞെടുത്തതായി നമുക്കറിയാം. ആ തിരഞ്ഞെടുപ്പിൽ തന്നെ ദൈവം തനിക്ക് ചില കൃപകളും അധികാരവും കൊടുത്തിട്ടുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മോശെ കൈവച്ചനുഗ്രഹിച്ചപ്പോൾ യോശുവ ജ്ഞാനം നിറഞ്ഞവനായിത്തീരുവാൻ ഇടയായി.

ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും ക്രിസ്തുയേശുവിന്റെ രക്തത്താൽ ദൈവം നമ്മെ അനുഗ്രഹത്തിന്റെ കീഴിൽ ആക്കിവെച്ചിരിക്കുന്നുവല്ലോ. ഇപ്രകാരം അനുഗ്രഹിക്കപ്പെട്ട ഒരോ ദൈവപൈതലും മറ്റുള്ള വ്യക്തികളെയും അനുഗ്രഹിക്കുവാനും പ്രാർത്ഥിക്കുവാനും അധികാരമുള്ളവരാണ്. നമ്മുടെ കുടുംബത്തിലുള്ളവരെയും പ്രിയപ്പെട്ടവരെയും മാത്രമല്ല നമ്മുടെ ശത്രുക്കളെപ്പോലും അനുഗ്രഹിച്ചു പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. നാം ഇപ്രകാരമായിരിക്കുന്നുവോ എന്ന് സ്വയം ശോധന ചെയ്യേണ്ടിയിരിക്കുന്നു.

'അനുഗ്രഹം അനുഭവിപ്പാൻ വിളിക്കപ്പെട്ടവരാകയാൽ അനുഗ്രഹിക്കുന്നവരായിരിപ്പിൻ' എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ. നാം ദിനംപ്രതി കണ്ടുമുട്ടുന്ന പുതിയ വ്യക്തികളെ, കുടുംബങ്ങളെയോർത്ത് പ്രാർത്ഥിക്കുവാനും അവരെ അനുഗ്രഹിക്കുവാനും നമുക്ക് സാധിക്കണം. നാം യാത്ര ചെയ്യുമ്പോൾ, ബസ്സിലായിരിക്കുമ്പോൾ, ജോലിയിലായിരിക്കുമ്പോൾ അങ്ങനെ പല അവസരങ്ങളിലും ആവശ്യഭാരങ്ങളിലായിരിക്കുന്ന നിരവധി ജീവിതങ്ങൾ നമ്മുടെ കൺമുമ്പിലൂടെ കടന്നു പോയിട്ടില്ലേ! അപ്പോഴൊക്കെ നമ്മുടെ ഉള്ളിൽ നാം അറിയാതെയെങ്കിലും ഒരു അലിവ്, സഹതാപം ഉണ്ടായിട്ടുണ്ടാവാം. എന്നാൽ അതു മാത്രമല്ല വാസ്തവമായി നമ്മുടെ പ്രാർത്ഥനാ ലിസ്റ്റിൽ ആ ജീവിതങ്ങളെയും കൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഈ ദുഷ്ടലോകത്ത് അകപ്പെടാതെ ദൈവകൃപയിലാശ്രയിച്ച് വളരുവാൻ നാം നമ്മുടെ തലമുറകളെ അനുഗ്രഹിച്ച് പ്രാർത്ഥിക്കണം. നമ്മുടെ ബലഹീനമായ കരങ്ങൾ നാം അനുഗ്രഹിക്കുന്നവരുടെ തലമേൽ വെക്കുമ്പോൾ അവിടെ കർത്താവിന്റെ

ആണിപ്പാടുള്ള കരങ്ങൾ ആണ് അനുഗ്രഹം ചൊരിയുന്നത് എന്നുള്ള ഉറപ്പ് നമ്മിലുണ്ടായിരിക്കണം. ആയതിനാൽ ധൈര്യത്തോടെ കൃപാസനത്തോട് അടുത്ത് ചെന്നുകൊണ്ട് മറ്റുള്ളവരെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കുവാനുള്ള കൃപ ദൈവമായ കർത്താവ് നമുക്കേവർക്കും നൽകുമാറാകട്ടെ.

പരാമർശം :
എഫെസ്യർ 1;3
സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ.

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 050